"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - പൊതുജനങ്ങളുമായുള്ള ആശയ വിനിമയം പരിപോഷിപ്പിക്കുന്നതിനായി ആരംഭിക്കുന്ന 'മുഖ്യമന്ത്രി എന്നോടൊപ്പം (CM with Me)' പ്രോഗ്രാമുമായി ബന്ധപ്പെട്ട വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പിന്റെ നോഡൽ ഓഫീസറായി ജോയിന്റ് സെക്രട്ടറി ശ്രീമതി. ലാലി കെ യും, ലിങ്ക് നോഡൽ ഓഫീസർ ആയി ജോയിന്റ് സെക്രട്ടറി ശ്രീമതി.ആശ എ.കെ-യെയും ചുമതലപ്പെടുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.2637/2025/LSGD തീയതി,തിരുവനന്തപുരം, 03-11-2025

---

പരാമർശം:- സ.ഉ.(കൈ) നം.10/2025/I&PRD തീയതി 29.09.2025

**ഉത്തരവ്**

സംസ്ഥാന സർക്കാരും പൊതുജനങ്ങളും തമ്മിലുള്ള ആശയ വിനിമയം പരിപോഷിപ്പിക്കുന്നതിനായി ആരംഭിക്കുന്ന 'മുഖ്യമന്ത്രി എന്നോടൊപ്പം (CM with Me)' എന്ന സമഗ്ര സിറ്റിസൺ കണക്ട് സെന്ററിന്റെ സുഗമമായ പ്രവർത്തനത്തിന് മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് പരാമർശം പ്രകാരം ഉത്തരവായിരുന്നു. പ്രസ്തുത പ്രവർത്തനത്തിന് സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പിലും നോഡൽ ഓഫീസറെ നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നതിന് ടി ഉത്തരവിൽ നിർദ്ദേശിച്ചിട്ടുള്ളതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ 'മുഖ്യമന്ത്രി എന്നോടൊപ്പം (CM with Me)' പരിപാടിയുമായി ബന്ധപ്പെട്ട വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിനുള്ള തദ്ദേശസ്വയംഭരണവകുപ്പിന്റെ നോഡൽ ഓഫീസറായി ജോയിന്റ് സെക്രട്ടറി ശ്രീമതി. ലാലി.കെ-യെയും, ലിങ്ക് നോഡൽ ഓഫീസർ ആയി ജോയിന്റ് സെക്രട്ടറി ശ്രീമതി.ആശ എ.കെ-യെയും ചുമതലപ്പെടുത്തി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

പദ്മിനി കെ എസ്

ഡെപ്യൂട്ടി സെക്രട്ടറി

സെക്രട്ടറി, വിവര പൊതുജന സമ്പർക്ക വകുപ്പ്

ശ്രീമതി. ലാലി.കെ, ജോയിന്റ് സെക്രട്ടറി, തദ്ദേശ സ്വയം ഭരണ വകുപ്പ്

ശ്രീമതി.ആശ എ.കെ, ജോയിന്റ് സെക്രട്ടറി, തദ്ദേശ സ്വയം ഭരണ വകുപ്പ്

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയം ഭരണ വകുപ്പ്

വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.

ഡയറക്ടർ, ഐ. കെ. എം. (സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)

തദ്ദേശസ്വയംഭരണ വകുപ്പിലെ എല്ലാ സെക്ഷനുകൾക്കും

കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

Signed by
Danuja M S
സെക്ഷൻ ഓഫീസർ
Date: 03-11-2025 11:09:11